സ.ഉ.(സാധാ) നം.2365/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പുനലൂർ നഗരസഭയിലെ സീനിയർ ക്ലർക്കായിരിക്കെ വിരമിച്ച ശ്രീമതി.ഷീജ.കെ-യുടെ അവധികാലയളവ് ക്രമീകരിച്ച ഉത്തരവ് പുനഃപരിശോധിക്കുന്നത് - അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയ്യ) വകുപ്പ്**

സ.ഉ.(സാധാ) നം.2365/2022/LSGD തീയതി,തിരുവനന്തപുരം, 28-09-2022

---

പരാമർശം:-
1. 03.07.2017 തീയതിയിലെ സ.ഉ(സാധാ)നം. 2234/2017/തസ്വഭവ
2. ശ്രീമതി.ഷീജ.കെ സമർപ്പിച്ച 31.05.2021 തീയതിയിലെ അപേക്ഷ.
3. നഗരകാര്യഡയറക്ടറുടെ 30.09.2021 തീയതിയിലെ ഇ3- 24264/2019 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ഷീജ കെ.യെ, നഗരകാര്യ ഡയറക്ടറുടെ 23.01.2013 ലെ ഉത്തരവ് പ്രകാരം പുനലൂർ നഗരസഭയിലേക്ക് സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവായിരുന്നു. തുടർന്ന് പുനലൂർ നഗരസഭയിലെ ഒഴിവിന്റെ അഭാവത്തിൽ ടിയാൾക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതിരുന്ന 28.01.2013 മുതൽ 19.05.2013 വരെയുള്ള കാലയളവിൽ 28.01.2013 മുതൽ 14.05.2013 വരെ അർഹതപ്പെട്ട അവധിയായും 15.05.2013 പ്രവേശനകാലമായും 16.05.2013 മുതൽ 19.05.2013 വരെയുള്ള കാലയളവ് ഡ്യൂട്ടിയായും പരിഗണിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. ശ്രീമതി ഷീജ കെ. പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷ പ്രകാരം, ടിയാരിയോടൊപ്പം 23.01.2013 ലെ ഉത്തരവ് പ്രകാരം തൃശ്ശൂർ നഗരസഭയിൽ നിന്നും തിരുവല്ല നഗരസഭയിലേക്ക് സ്ഥലംമാറ്റിയ സീനിയർ ക്ലാർക്ക് ശ്രീ. ബി. വേണു കുമാറിന് നിയമനം ലഭിക്കാതെ പുറത്തു നിന്ന 26.01.2013 മുതൽ 29.05.2013 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതിനാൽ ആയതിന് സമാനമായി തന്റെ സേവനത്തിൽ പ്രവേശിക്കുന്നതിനായ് കാത്തുനിന്ന കാലയളവും ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവാകണമെന്ന് അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ പരാമർശം (3) റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ശ്രീമതി.ഷീജ.കെ.-യുടെയും ശ്രീ.ബി.വേണുകുമാറിന്റേയും സമാനസാഹചര്യത്തിലുള്ള അവധികാലയളവാണെന്ന് കാണുന്നതിനാൽ, പരാമർശം (2) അപേക്ഷ പരിഗണിച്ച് പുനലൂർ നഗരസഭയിലെ സീനിയർ ക്ലർക്കായിരിക്കെ വിരമിച്ച ശ്രീമതി.ഷീജ.കെ-യുടെ സേവനത്തിൽ പ്രവേശിക്കുന്നതിനായ് കാത്തുനിന്ന 28.01.2013 മുതൽ 19.05.2013 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം I ലെ

സ.ഉ.(സാധാ) നം.2365/2022/LSGD

ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി.ഷീജ.കെ., സീനിയർ ക്ലർക്ക്(റിട്ട.) പുനലൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, പുനലൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 28-09-2022 12:49:24
സെക്ഷൻ ഓഫീസർ